File No.LSGD-EPB2/201/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – എറണാകുളം ജില്ല – ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.ആർ. സാജനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2259/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 02/12/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 23.03.2018-ലെ ഡി2-23667/17 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 18.05.2018-ലെ ഡി2-23667/17 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 08.02.2019-ലെ 201/ഇപിബി2/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എം.ആർ. സാജൻ സമർപ്പിച്ച 06.04.2019-ലെ പ്രതിവാദ പത്രിക

5 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.01.2020-ലെ ഡിഡിപി-ഇകെഎം/4058/2018-ഡി2 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

6 പഞ്ചായത്ത് ഡയറക്ടറുടെ 1.8.2019 ലെ ഡി 2-23667/2017 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

ശ്രീ. എം.ആർ. സാജൻ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടിയാനെതിരെ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ മുൻനിർത്തി കെ.സി.എസ്. (സി.സി&എ) ചട്ടം 15 പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

1. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 07.04.2017-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമസഭ വിളിച്ചു കൂട്ടുന്നതിന് തീരുമാനിക്കുകയും പ്രസ്തുത ഗ്രാമസഭയിൽ കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ.ഉ.(കൈ)72/17 നമ്പർ ഉത്തരവിലെ ഖണ്ഡിക 3.3(1) പ്രകാരം ഭരണസമിതിക്കാണെന്നിരിക്കെ ആയതിന് യാതൊരു വിലയും കൽപിക്കാതെ തികച്ചും തന്നിഷ്ടത്തോട് കൂടി കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുകയും ആയത് സംബന്ധിച്ച ഉത്തരവുകൾ ടി ജീവനക്കാരുടെ ഓഫീസ് മേലധികാരികൾ മുഖേന ജീവനക്കാർക്ക് നൽകണമെന്നിരിക്കെ പ്രസ്തുത നടപടിക്രമം പാലിക്കാതിരിക്കുകയും ചെയ്തു. അപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയ്ക്ക് ഗ്രാമസഭാ കോ-ഓർഡിനേറ്ററായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് നേരിട്ട് നൽകിയത് ശ്രീ. സാജന്റെ ഭാഗത്ത് നിന്നുള്ള അധികാര ദുർവിനിയോഗവും അച്ചടക്കലംഘനവുമാണ്. സെക്രട്ടറിയുടെ പ്രസ്തുത പ്രവർത്തി ശ്രീമതി. ശ്രീകലയുടെ പരാതിക്കും തുടർന്നുള്ള പ്രശ്നങ്ങൾക്കും വഴിയൊരുക്കി. ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവിൽ അവിചാരിതകാരണങ്ങളാൽ തീയതി മാറ്റം ആവശ്യപ്പെടുന്ന കോ-ഓർഡിനേറ്റർമാർ സ്വന്തം നിലയിൽ ക്രമീകരണം നടത്തേണ്ടതാണ് എന്ന് രേഖപ്പെടുത്തിയതും ക്രമപ്രകാരമല്ല.

2. കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ നടപടിയെടുക്കേണ്ടത് ഭരണസമിതിക്ക് വേണ്ടി പ്രസിഡന്റ് ആയതിനാൽ പ്രസിഡന്റിന്റെ അനുമതി വാങ്ങി വേണം വിശദീകരണം

ആവശ്യപ്പെടേണ്ടിയിരുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയോട് വിശദീകരണം നേരിട്ട് ആവശ്യപ്പെട്ടത് വഴി ഓഫീസ് നടപടിക്രമത്തിൽ വീഴ്ച വരുത്തുകയുണ്ടായി.

3. ഭരണസമിതി തീരുമാനങ്ങൾ സർക്കാർ ഉത്തരവ് പാലിച്ച് സമയബന്ധിതമായി upload/update ചെയ്യുന്നതിന് ശ്രീ. സാജന് ഉത്തരവാദിത്തമുണ്ടെന്നിരിക്കെ ആയതിൽ വീഴ്ച വരുത്തിയത് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചു. ആയത് സർക്കാർ ഉത്തരവിന്റെ ലംഘനമായി കാണുന്നു.

4. ശ്രീ. എം.ആർ. സാജൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 07.08.2017ൽ നേരിട്ട് കത്തെഴുതിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ ജീവനക്കാർ പാലിക്കേണ്ട പെരുമാറ്റ ചട്ടത്തിനും ഓഫീസ് നടപടി ക്രമങ്ങളിലെ ഖണ്ഡിക 104(എ) എന്നിവക്ക് വിരുദ്ധവുമാണ്.

5. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയുടെ പരാതി പോലെയുള്ള വളരെ സങ്കീർണ്ണമായ ഒരു വിഷയത്തിൽ മദ്ധ്യസ്ഥ ശ്രമത്തിലൂടെ കാര്യങ്ങൾ പരിഹരിക്കുന്നതിന് മൂന്നാം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് പകരം പരാതിക്കാരിയായ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയ്ക്ക് നേരിട്ട് കത്ത് നൽകിയത് ഓഫീസ് നടപടി ക്രമത്തിലെ വീഴ്ചയാണ്.

ശ്രീ. എം.ആർ. സാജനെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ 30.04.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ടും കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തുകൊണ്ടും പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി.

നടപടിക്രമം പാലിക്കാതെ കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുകയും ആയത് സംബന്ധിച്ച ഉത്തരവുകൾ ടി ജീവനക്കാരുടെ ഓഫീസ് മേലധികാരികൾ മുഖേന ജീവനക്കാർക്ക് നൽകണമെന്നുമിരിക്കെ അപ്രകാരമുള്ള നടപടിക്രമം പാലിക്കാതെ കോ-ഓർഡിനേറ്ററായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരിട്ട് നൽകിയതു വഴി കടുത്ത അധികാര ദുർവ്വിനിയോഗവും അച്ചടക്ക ലംഘനവും സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തുകയും കൂടാതെ ടിയാന്റെ ഭാഗത്തുനിന്നും ഓഫീസ് നടപടിക്രമങ്ങളിൽ വീഴ്ചകളുണ്ടായതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.ആർ. സാജൻ 30.04.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. എം.ആർ. സാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.ആർ. സാജൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. എം.ആർ. സാജനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 07.04.2017-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം "…. എല്ലാ വാർഡുകളിലും ഗ്രാമസഭ താഴെ ചേർത്തിരിക്കും പ്രകാരമുള്ള തീയതിയിലും സമയത്തും സ്ഥലത്തുവെച്ച് നടത്തുന്നതും വിട്ടുകിട്ടിയസ്ഥാപനങ്ങളിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും

ജീവനക്കാരെ മേൽ ഗ്രാമസഭയുടെ നടത്തിപ്പിന് കോ ഓർഡിനേറ്ററായി നിയമിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും മേൽ തീരുമാനപ്രകാരം ഗ്രാമസഭ കോ-ഓർഡിനേറ്റർമാരെ തീരുമാനിച്ച് ഉത്തരവിറക്കാനുള്ള അധികാരം ഭരണസമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ കോ- ഓഡിനേറ്ററെ നിയമിച്ച് ഉത്തരവിറക്കിയ സെക്രട്ടറിയുടെ പ്രവർത്തിയിൽ അപാകതയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏപ്രിൽ മാസം തന്നെ ഗ്രാമസഭ നടത്തി തീർക്കണമെന്ന് 28/03/2017 ലെ 118/ഡിഎ 3/2017 നമ്പർ ഉത്തരവുള്ളതിനാൽ നിർദ്ദേശിച്ച സമയപരിധിയ്ക്കുള്ളിൽ ഗ്രാമസഭ നടത്തിത്തീർക്കുന്നതിലേയ്ക്കായാണ് ശ്രീമതി. ശ്രീകല ഉൾപ്പെടെയുള്ള 17 കോ-ഓർഡിനേറ്റർമാർക്ക് ഉത്തരവ് നേരിട്ട് നൽകുകയും തീയതിമാറ്റം സംബന്ധിച്ച് സ്വന്തം നിലയിൽ ക്രമീകരണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തത് എന്നതിനാൽ ടി നടപടികൾ സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള ഗുരുതര അച്ചടക്ക ലംഘനമായി കാണാനാവില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദീകരണം ചോദിക്കുക എന്നത് ഒരു ഉദ്യോഗസ്ഥനെതിരെയുള്ള നടപടിയായി കാണാനാവില്ല എന്നും ആയതിനാൽ ശ്രീമതി.ശ്രീകലയോട് വിശദീകരണം ആവശ്യപ്പെട്ട സെക്രട്ടറിയുടെ നടപടിയിൽ അപാകത കാണുവാൻ സാധിക്കുന്നില്ല എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എങ്കിലും ടി വിശദീകരണം ശ്രീമതി. ശ്രീകലയുടെ മേലധികാരി മുഖാന്തിരം ആരായുന്നതായിരുന്നു കൂടുതൽ ഉചിതമെന്നും അറിയിച്ചിട്ടുണ്ട്.

സകർമ്മ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ശ്രീ.സാജൻ സെക്രട്ടറിയായിരുന്ന കാലയളവിലെ തീരുമാനങ്ങൾ അപ് ലോഡ് ചെയ്തിട്ടുള്ളതായി കാണുന്നു എന്നും സോഫ്റ്റ് വെയറിൽ സെക്രട്ടറി തയ്യാറാക്കിയ മിനിറ്റ്സ് അവസാനമായി പരിശോധിച്ച് അപ്രൂവ് ചെയ്ത് വെബ്ബിലേയ്ക്ക് അപ് ലോഡ് ചെയ്യേണ്ടത് പ്രസിഡന്റിന്റെ ലോഗിനിൽ നിന്നാണെന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റിനും ഉത്തരവാദിത്തമുള്ളതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സാജൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുൻപാകെ പരാതി സമർപ്പിച്ചത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്കും ഓഫീസ് നടപടി ക്രമങ്ങളിലെ ഖണ്ഡിക 104(എ) യ്ക്കും വിരുദ്ധമാണെങ്കിൽ പോലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് കൂടുതൽ ഇടപെടലിനായി മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ടി വിഷയങ്ങൾ കൊണ്ടു വരാനുള്ള ശ്രമമാണ് സെക്രട്ടറി നടത്തിയിട്ടുള്ളത് എന്ന് കണ്ട് ടി വീഴ്ച മാപ്പാക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീമതി. ശ്രീകലയുടെ പരാതി സംബന്ധിച്ച വിഷയം ഭരണ സമിതിയുടെ അനുമതിയോടെ രമ്യമായി പരിഹരിക്കുന്നതിനുള്ള ശ്രമമാണ് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നും ഗ്രാമസഭകൾ സുഗമമായി നടക്കുന്നതിന് മിക്ക സെക്രട്ടറിമാരും അനുവർത്തിക്കുന്ന ഒരു നടപടി മാത്രമാണ് ശ്രീ.സാജൻ ചെയ്തിട്ടുള്ളതെന്നും ആയതിന്റെ സാങ്കേതികത്വം ചൂണ്ടിക്കാട്ടി ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്ന നിലയിലുള്ള തന്റെ ബാദ്ധ്യത നിറവേറ്റുന്നതിന് വിസമ്മതിച്ച വ്യക്തിയോട് വിശദീകരണം തേടി എന്നുള്ളത് അതീവ ഗുരുതരമായ ഒരു കുറ്റമായി കാണേണ്ടതില്ല എന്നതിനാൽ ശ്രീ.സാജനെതിരെയുള്ള അച്ചടക്ക നടപടിയിൽ അനുഭാവപൂർവ്വമായ ഒരു പരിഗണന ഉണ്ടാകണമെന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏപ്രിൽ മാസത്തിൽ തന്നെ ഗ്രാമസഭ പൂർത്തിയാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത് മാർച്ച് മാസം 28-ാം തീയതിയിലെ കത്തു പ്രകാരമാണെന്നു കാണുന്നു. ചുരുങ്ങിയ സമയ പരിധിയ്ക്കുള്ളിൽ ടി ഉത്തരവ് പാലിക്കുന്നതിനുള്ള ശ്രമമാണ് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നു കാണുന്നു. പരാതിക്കാരിക്ക് സൗകര്യപ്രദമായ തീയതിയിൽ ഗ്രാമസഭ കൂടാനുള്ള അവസരം ലഭിച്ചിരിക്കെ അനാവശ്യമായി പ്രശ്നങ്ങളുണ്ടാക്കി തന്റെ ഉത്തരവാദിത്തം നിറവേറ്റാതിരിക്കാനുള്ള ശ്രമമാണ് ടിയാരിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത് എന്നാണ് അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്. വിഷയം രമ്യമായി പരിഹരിക്കുന്നതിന് ശ്രീമതി. ശ്രീകല തയ്യാറായില്ലെങ്കിൽ ടിയാരിക്കെതിരെ വകുപ്പു തല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യുമെന്നും നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തുമെന്നും 09.01.2018-ലെ 16-ാം നമ്പർ തീരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നതായി ഔപചാരിക റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിൽ നിന്നും അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമം ശ്രീമതി. ശ്രീകലയുടെ ഭാഗത്തു നിന്നും ഉണ്ടായതായി അനുമാനിക്കാവുന്നതാണ്.

ശ്രീ. എം.ആർ. സാജന്റെ ഭാഗത്ത് നിന്ന് മന:പൂർവ്വമായ വീഴ്ചകളോ അധികാര ദുർവിനിയോഗമോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് അന്വേഷണത്തിൽ കണ്ടെത്തിയ സാഹചര്യത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് വരുത്താനെടുത്ത താൽക്കാലിക തീരുമാനം പുന:പരിശോധിച്ച് ടിയാനെതിരായ ശിക്ഷാ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എം.ആർ. സാജൻ, മുൻ സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/201/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.02 16:47:25 IST
Reason: Approved

സെക്ഷൻ ഓഫീസർ